# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ മാർട്ടിൻ ഡി പോറസ്



ജനനം : 9 ഡിസംബർ 1579
മരണം : 3 നവംബർ 1639
സ്ഥലം : പെറുവിലെ ലീമാ
വാഴ്ത്തപ്പെട്ടവൻ : 1837, പോപ്പ് ഗ്രിഗറി XVI
വിശുദ്ധ പദവി : 6 മെയ് 1962, ജോൺ XXIII

സ്പെയിനിലെ സൈനികനും ലീമായിലെ പ്രഭുവുമായിരുന്ന ഡോൺ ജുവാൻ പോറസ്. അദ്ദേഹം ഒരു ഉന്നത കുലജാതനായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ അന്നാ വെലാസ് ക്വസ്സ് എന്ന നീഗ്രോ സ്ത്രീയായിരുന്നു. ഡോൺ ജുവാൻ അന്നായെ സ്നേഹിച്ചിരുന്നു. ന്യായമായ വിവാഹമായിരുന്നില്ല അവരുടേത്. എന്നാൽ ദൈവം അദ്ദേഹം അനുഗ്രഹിച്ചപ്പോൾ അയാൾ അഹങ്കരിക്കുകയും ഭാര്യയെ നിന്ദിക്കുകയും ചെയ്തു. എന്നിട്ടും അവൾ അദ്ദേഹത്തെ സ്നേഹിച്ചു. ഒരു സ്ത്രീയുടെ സ്നേഹത്തിന് ഒരിക്കലും മരണമില്ല. എങ്കിലും തന്നെ ഭർത്താവിൽ നിന്നകറ്റിയ കറുത്ത തൊലിയെ അവളും വെറുത്തു.

### മാർട്ടിൻ ഡി പോറസിന്റെ ജനനം

ഇവരുടെ ദാമ്പത്യ വല്ലരിയിൽ രണ്ടു കുട്ടികൾ ഉണ്ടായി. പെൺകുഞ്ഞിന് ജെയിൻ എന്നും ആൺകുഞ്ഞിന് മാർട്ടിൻ എന്നും പേരിട്ടു. തന്റെ കുട്ടികൾ മാർട്ടിനും ജയിനും രണ്ട് കരിംഭൂതങ്ങൾ തറയിലിരുന്ന് കളിക്കുന്നത് അവജ്ഞയോടെ അയാൾ നോക്കി. ഡോൺ ജുവാന് ഒരു കറുത്ത പുത്രനും പുത്രിയും ജനിച്ചത് ലീമായിലെ ആഭിജാത സമൂഹത്തിന് ഒരു തമാശയായി. ലീമായിലെ ഉന്നത സമൂഹത്തിന്റെ അഭിപ്രായത്തിൽ അദ്ദേഹം വിലപിടിച്ചതും വർണ്ണശബളമായ വസ്ത്രങ്ങളണിഞ്ഞുചെന്ന് ഒരു കൽക്കരി കൂനയിൽ കിടന്ന് ഉറങ്ങിയാൽപോലും ഇത്രയും വിചിത്രമായി അവർക്ക് തോന്നുകയില്ലായിരുന്നു. തന്റെ ഭവനം സ്ഥിതിചെയ്യുന്ന എസ്പിരിറ്റ് സാന്റോ എന്ന തെരുവിന്റെ സങ്കുചിതത്വവും ഹീനത്വവും സഹിക്കുവാൻ ദുരഭിമാനിയായ ഡോൺ ജുവാൻ പോറസിന് കഴിഞ്ഞില്ല.

### ജോൺ ജുവാൻ ഭവനം വിടുന്നു

രാജകീയ ബഹുമതികളോടെ സൈന്യത്തിൽ ഉയർന്നുകൊണ്ടിരിക്കുന്ന ഡോൺ ജുവാന് അത്യുന്നത സമൂഹത്തിന്റെ സൗഭാഗ്യങ്ങളിലേക്ക് പറന്നുയരാൻ പ്രതിബന്ധം സൃഷ്ടിച്ചുകൊണ്ട് തന്റെ ചിറകിൽ പറ്റിപിടിച്ചിരിക്കുന്ന കളിമൺ കട്ടയാണ് കുടുംബം എന്നു തോന്നിത്തുടങ്ങി. ഈ കരിംഭൂതങ്ങളെ ഒഴിവാക്കിയേ തീരുവെന്ന് അദ്ദേഹം തീരുമാനിച്ചു. ഈ കറുത്ത സ്ത്രീയുമായുള്ള ബന്ധം മൂലം തനിക്ക് ലീമായിലെ സമൂഹത്തിൽ നഷ്ടപ്പെട്ട സുവർണ്ണാവസരങ്ങൾ അദ്ദേഹത്തിന്റെ മനസ്സിലൂടെ കടന്നുപോയി. വെള്ളക്കാരുടെ സൗന്ദര്യവും... പദവികളും... സാമ്പത്തിക സൗഭാഗ്യങ്ങളുമായി ബന്ധപ്പെടാനുള്ള അവസരങ്ങൾ... ഇവയെല്ലാം ഈ കറുത്ത സ്ത്രീയുമായുള്ള ബന്ധത്തിലൂടെ നഷ്ടമായി. അതിനാൽ ഡോൺ ജുവാൻ അവരെ ഉപേക്ഷിച്ച് വീടുവിട്ട് ഉന്നതപദവി തേടിപ്പോയി. വാതിൽ വലിച്ചടച്ച് ഭവനം വിട്ടുപോയ ഭർത്താവിനെ അവൾ നിറമിഴികളോടെ നോക്കിനിന്നു. അദ്ദേഹം തന്നെ വിട്ടുപോയിരിക്കുന്നുവെന്ന് സ്ത്രീസഹജമായ അന്തർജ്ഞാനം കൊണ്ടവൾ മനസ്സിലാക്കി. അവൾ വസ്ത്രങ്ങൾ അലക്കി അതിൽ നിന്നുകിട്ടുന്ന പണംകൊണ്ട് മക്കളെപോറ്റി. മക്കളുടെ ശാപഗ്രസ്ഥമായ കറുപ്പുനിറം അവളിൽ ഏറെ ദുഃഖമുളവാക്കി. ഒരിക്കൽ ജെയിനിനെ ചൂണ്ടിക്കാണിച്ച് അന്ന് മാർട്ടിനോട് പറഞ്ഞു. അതിനെയും കൂട്ടിക്കൊണ്ട് എന്റെ കൺവട്ടത്തുനിന്ന് പോകൂ... മാർട്ടിൻ തന്റെ സഹോദരിയുടെ കൈക്കുപിടിച്ചുകൊണ്ട് തെരുവിലേയ്ക്കിറങ്ങി. അമ്മയുടെ മാനസിക നില അവൻ ശരിക്കും മനസ്സിലാക്കി. യാതൊരു ദയയും തന്നോട് കാണിക്കാത്തതിന്റെ പിന്നിലുള്ള മനോഭാവം അവൻ നന്നായി ഗ്രഹിച്ചു. തെരുവിലൂടെ നടന്നുനീങ്ങുന്ന ജനങ്ങളെ അവർ ശ്രദ്ധിച്ചു. പ്രൗഢിയിൽ പോകുന്ന വർണ്ണശബളമായ സവാരിവണ്ടികൾ. ജനാലകളിൽകൂടി വെളുത്തനിറമുള്ള ആഭിജാതർ പുറത്തേയ്ക്ക് നോക്കുന്നു. തൊലിയുടെ നിറഭേദം മനുഷ്യനിലും സമൂഹത്തിൽ ഉണ്ടാക്കുന്ന മാറ്റങ്ങളെപ്പറ്റി അവൻ ബോധവാനാകാൻ തുടങ്ങി. വർഷങ്ങൾ ഓരോന്നായി കടന്നുപോയി. മാർട്ടിൻ ബുദ്ധിയിലും പ്രായത്തിലും വളരാൻ തുടങ്ങി. വളർച്ചയുടെ നാളുകളിൽ ധനികരായ വെളുത്തവരെപ്പറ്റി അവന് യാതൊരു നീരസ്സവും ഉണ്ടായില്ല. ദൈവത്തിന്റെ ദൃഷ്ടിയിൽ മനുഷ്യരെല്ലാം സമന്മാരാണെന്ന് ചെറുപ്പത്തിൽ തന്നെ അവൻ പഠിച്ചിരുന്നു. പാവങ്ങളോട് അവൻ ആർദ്രതയോടെ പെരുമാറി. പാവപ്പെട്ടവനെ കണ്ടാൽ തന്റെ കയ്യിലുള്ളത് അവന് കൊടുക്കാതെ കടന്നുപേവുക മാർട്ടിനെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമായിരുന്നു. റൊട്ടിവാങ്ങാൻ കൊടുത്തയ്ക്കുന്ന പണം അഗതികൾക്ക് നൽകിയശേഷം തിരിച്ചുവരുന്ന മകനെ ശകാരിക്കുകയല്ലാതെ മറ്റു മാരഗ്ഗമൊന്നും അന്നയുടെ മുന്നിൽ ഇല്ലായിരുന്നു. പ്രഭാതം മുതൽ രാത്രിവരെ കഠിനാദ്ധ്വാനം ചെയ്തും തുണിയലക്കിയും അവൾ ജീവിച്ചു.

## ഡോൺ ജുവാൻ പോറസിന്റെ മാനസാന്തരം

മാർട്ടിൻ പാവപ്പെട്ട അഗതികളുടെ കയ്യിലേക്ക് നാണയത്തുട്ടുകൾ ഇട്ടുകൊടുത്തത് അത്ര വലിയ കാര്യമായി നമുക്ക് തോന്നില്ലായിരിക്കാം. എന്നാൽ തന്റെ നാമത്തിൽ ഒരു ഗ്ലാസ് പച്ചവെള്ളം കൊടുക്കുന്നവനു പോലും പ്രതിഫലം നൽകുന്ന ദൈവം തെല്ല് ദൈവാനുഗ്രഹം സ്പെയിനിലെ രാജഭടനും പ്രഭുവുമായ ഡോൺ ജുവാൻ പോറസ്സിന്റെ മേൽ ചൊരിഞ്ഞു. ഡോൺ ജുവാന്റെ മനഃസ്സാക്ഷി അദ്ദേഹത്തോട് സംസാരിച്ചു. ഭാര്യയെയും കറുത്ത മക്കളെയും പറ്റിയുള്ള ചിന്ത അദ്ദേഹത്തിന്റെ മനസ്സിലേക്ക് കടന്നുവന്നു. മകന്റെ സ്വഭാവ വൈശിഷ്ട്യത്തെപ്പറ്റി കേട്ട അദ്ദേഹം ലീമായിലേക്ക് മടങ്ങിപോകാൻ തീരുമാനിച്ചു. അങ്ങനെ അദ്ദേഹം എസ്പിരിറ്റ് സാന്റോയിലെ ഭവനത്തിലെത്തി. നിറഞ്ഞ സന്തോഷത്തോടെ അന്ന അദ്ദേഹത്തെ സ്വീകരിച്ചു. അദ്ദേഹം മുന്നോട്ടുവന്ന് കുട്ടികളെ കൈകൊണ്ട് ചുറ്റിപ്പിടിച്ച് തന്നോട് ചേർത്തു നിർത്തി. വിലകുറഞ്ഞ വസ്ത്രങ്ങളാണ് അവർ ധരിച്ചിരിക്കുന്നത്. അതെല്ലാം മാറ്റണം. എഴുതാനോ വായിക്കാനോ അറിയാവുന്ന ഒരു കുട്ടിയും എസ്പിരിറ്റ് സാന്റോയിലില്ലായിരുന്നു. അതിനാൽ തന്റെ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകുവാൻ അദ്ദേഹം തീരുമാനിച്ചു. അവരുടെ അമ്മാവനായ ഡോൺ ഡിയാഗോ ഡി മിരാൻഡയോടൊത്ത് അവരെ താമസിപ്പിക്കണം. അന്ന പണമില്ലാതെ കഷ്ടപ്പെടരുത്. അവളെ സംരക്ഷിക്കണം. അന്നയോടും കുട്ടികളോടുമൊപ്പം ഡോൺ ജുവാൻ ആഴ്ചകൾ താമസിച്ചു. അലക്കുകാരിയായ അന്നയോട് അയൽവാസികൾ കൂടുതൽ ബഹുമാനം കാണിക്കാൻ തുടങ്ങി. തനിക്ക് ഗ്വായാകിലിലേക്ക് മടങ്ങിപ്പോകുവാനുള്ള സമയമായപ്പോൾ അതീവ സന്തുഷ്ടരായ തന്റെ പുത്രനെയും പുത്രിയെയും കൂടെ കൊണ്ടുപോയി. നിറഞ്ഞ ഹൃദയത്തോടെ അന്ന അവരെ യാത്രയാക്കി. അവളുടെ ഹൃദയം

സന്തോഷംകൊണ്ട് നിറഞ്ഞു. തന്റെയോ കുട്ടികളുടെയോ കറുത്തനിറം പിന്നീട് ഒരിക്കലും അവളെ വ്യാകുലപ്പെടുത്തിയതായി തോന്നിയിട്ടില്ല.

## അമ്മാവന്റെ അടുക്കലേക്ക്

കാലോ തുറമുഖത്ത് കപ്പൽ കയറുവാനായി പിതാവിന്റെ കൈകളിൽ പിടിച്ച് നിൽക്കുമ്പോൾ തുറമുഖത്തെ തിക്കും തിരക്കുമെല്ലാം അവൻ ശ്രദ്ധിച്ചു. ആളുകൾ തങ്ങളുടെ ചരക്കുകൾക്ക് വിലപേശുന്നു. യാത്രപറഞ്ഞ് പിരിഞ്ഞുപോകുന്ന പ്രിയപ്പെട്ടവർ, പായ്മരത്തിൽ കയറി കപ്പൽ പായ ഉറപ്പിച്ച് നിർത്തുന്ന കപ്പൽ ജോലിക്കാർ ഈ കാഴ്ച്ചകൾക്കിടയിൽ അവന്റെ കണ്ണുകൾ അവിടെയുള്ള നീഗ്രോകളുടെ മേൽ പതിഞ്ഞു. വലിയ ഭാരവും ചുമന്ന് നട്ടെല്ല് വളഞ്ഞ് ബോട്ടിലേക്ക് വരികയും പോവുകയും ചെയ്യുന്ന നീഗ്രോകളുടെ അവസാനിക്കാത്ത നിരയായിരുന്നു അത്. ആ ചാക്കിലെല്ലാം എന്താണെന്ന് അവൻ പിതാവിനോട് ചോദിച്ചു. രാജാവിനുള്ള സ്വർണ്ണമാണ് അതെന്ന് അദ്ദേഹം പറഞ്ഞു. പിന്നീട് അവൻ ഒന്നു ചോദിച്ചില്ല. അവർ കപ്പൽ കയറി. ഗ്വയാക്വിലിൽ അമ്മാവനായ ഡോൺ ഡിയാഗോ ഡി മിരാൻഡാ അവരുടെ ആഗമനം പ്രതീക്ഷിച്ചിരിപ്പുണ്ടായിരുന്നു. ഡോൺ ജുവാൻ ഒരു നീഗ്രോ സൗന്ദര്യധാമത്തെയാണല്ലോ തിരഞ്ഞെടുത്തത്... കൊള്ളാം... ഞങ്ങളെല്ലാം ഒരേ കുടുംബത്തിൽ പ്പെട്ടവരാണ്... എന്നു പറഞ്ഞ് കുട്ടികളെ തന്നോട് ചേർത്തുപിടിച്ചു. അയാളുടെ ദയാവായ്പ്പ് ആ കുട്ടികൾക്ക് ആശ്വാസമേകി. ഗ്വയാക്വിലിലെ ജീവിതം സുഖപ്രദമായിരുന്നു. നല്ലവീടും അന്തരീക്ഷവും, നല്ല ഭക്ഷണം, പഠിപ്പിക്കാൻ ട്യൂഷൻ മാസ്റ്ററും. മാർട്ടിൻ പെട്ടെന്ന് പഠിക്കുകയും ബാലസഹജമായ ഉത്സാഹത്തോടുകൂടി ജോലി ചെയ്യാൻ തുടങ്ങുകയും ചെയ്തു. ജെയിനിന് മാർട്ടിനോളം സാമർത്ഥ്യമുണ്ടായിരുന്നില്ല.

## വീണ്ടും ലീമായിലേക്ക്

രണ്ടു വർഷങ്ങൾ കടന്നുപോയി. അവരുടെ പിതാവ് ഡോൺ ജുവാൻ ഡി പോറസ് പനാമയിലെ ഗവർണ്ണറായി നിയമിക്കപ്പെട്ടു. പനാമയിലെ കുലീനരായ സമൂഹത്തിന് അവരുടെ ഗവർണ്ണറുടെ കുട്ടികളെപ്പറ്റി മതിപ്പുണ്ടാകാനിടയില്ല. കുട്ടികളുടെ കാര്യമോർത്ത് അദ്ദേഹം വിണ്ടും ദുഃഖിതനായി. ഒടുവിൽ ഡോൺ ജുവാൻ ഒരു പരിഹാരം കണ്ടെത്തി. അമ്മാവന് ഈ കുട്ടികളെ വളരെ ഇഷ്ടമാണല്ലോ. ജയിനിന് അനുരൂപനായ ഒരു ഭർത്താവിനെ കണ്ടെത്തുന്നതുവരെ അവൾ അവിടെ താമസിക്കട്ടെ. മാർട്ടിൻ ലീമായിലെ അവന്റെ അമ്മയുടെ അടുക്കലേക്ക് പോവുകയും അവന്റെ ഭാവിയെപ്പറ്റി ചിന്തിക്കുകയും ചെയ്യട്ടെ. അവനെ പഠിപ്പിക്കാൻ കഴിവുള്ള ഒരാൾ ലീമായിലുണ്ടെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അയാളുടെ പേര് ഡോ. മാഴ്സി ലൊഡി റിവേരൊ എന്നായിരുന്നു. എസ്പിരിറ്റു സാന്റോയിലുള്ള പഴയ വീട്ടിലേക്ക് മാർട്ടിൻ തിരിച്ചുപോയില്ല. കാരണം, അവന്റെ അമ്മ അവരുടെ സുഹൃത്തായ വെലേസ് മിക്വൊലിന്റെ വീട്ടിലായിരുന്നു താമസം. മാർട്ടിൻ ഡോ. റിവേരൊയുടെ ചെറിയ ഡിസ്പെൻസറിക്കടുത്ത് താമസമാക്കി. എല്ലാ ദിവസവും പ്രഭാതത്തിൽ നേരത്തെ ഉണർന്ന് സാൻലാസ റോയിൽ പോയി കുർബാനയിൽ സംബന്ധിക്കും. അതിനുശേഷം ഡിസ്പെൻസറിയിൽ ജോലിക്കുപോകും. കുർബാന കഴിഞ്ഞ് ഡിസ്പെൻസറിയിൽ ജോലിചെയ്തിരുന്ന നീഗ്രോ പയ്യനെ അധികമാരും ശ്രദ്ധിച്ചിരുന്നില്ല. എന്നാൽ വളരെ കുറഞ്ഞ നാളുകൾക്കുള്ളിൽ മാർട്ടിന് വിദഗ്ദമായി കൈകാര്യം ചെയ്യാൻ സാധിക്കാത്ത ഒരു കുപ്പി മരുന്നുപോലും ആ സ്റ്റോറിൽ ഉണ്ടായിരുന്നില്ലെന്ന വസ്തുത ഡോ. റിവേരൊ തിരിച്ചറിഞ്ഞു.

## മുറിവുകൾ വെച്ചുകെട്ടിയവൻ

ഒരു ദിവസം സാൻലാസ റോയിൽ ഒരു സംഘടനം നടന്നു. ജനങ്ങൾ പരിഭ്രാന്തരായി തെരുവിലൂടെ ഓടുന്നതിന്റെ കോലാഹലങ്ങൾ അവൻ കേട്ടു. ജനലിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ കത്തിക്കുത്തേറ്റ് രക്തം വാർന്നൊഴുകുന്ന ഒരു ഇന്ത്യക്കാരനെ കുറേപ്പേർ ചേർന്ന് ഡിസ്പൻസറിലേക്ക് എടുത്തുകൊണ്ടുവരുന്നത് അവൻ കണ്ടു. ഈ സമയം ഡോ. റിവേരൊ ഒരു രോഗിയെ സന്ദർശിക്കാൻ പുറത്തുപോയിരിക്കുകയായിരുന്നു. ഒരു പാത്രത്തിൽ അല്പം വെള്ളവും ബാൻഡേജുമെടുത്ത് മാർട്ടിൻ തയ്യാറായി നിന്നു. അവർ അകത്തുപ്രവേശിച്ച് ഡോ. റിവേരൊ കാണണമെന്നു പറഞ്ഞ് ബഹളം കൂട്ടി. ഡോക്ടർ ഇവിടെയില്ലെന്നും മുറിവേറ്റ മനുഷ്യനെ ഞാൻ നോക്കാമെന്നുമുള്ള ആ നീഗ്രോ പയ്യന്റെ വാക്കുകളെ ആരും ഗൗനിച്ചില്ല.

മാർട്ടിൻ മരുന്നുകുപ്പികൾ മാറിമാറിയെടുത്ത് മുറിവുകൾ വെച്ച് കെട്ടി. ഈ നീഗ്രോ പയ്യൻ അതിരുകടക്കുന്നുണ്ടല്ലോ... എന്ന രീതിയിലുള്ള സംസാരം അവന്റെ മുഖത്തുനോക്കി പച്ചയായി തന്നെ അവൻ പറയാൻ തുടങ്ങി. തന്റെ ശുശ്രൂഷാ വൈദഗ്ദ്യം കൊണ്ട് മാർട്ടിൻ അവിടെ കൂടിയിരുന്നവരെയെല്ലാം നിശബ്ദരാക്കി. തന്റെ ജോലി പൂർത്തിയാക്കിയതിനുശേഷം മാർട്ടിൻ അവരോട് പറഞ്ഞു. ഇപ്പോൾ തന്നെ അയാൾ സുഖമാകും. വിസ്മയകരമായ ഈ വാർത്ത ലീമായിലുടനീളം വ്യാപിച്ചു. അന്നാ വെലാസ് ക്വെസ്സിന് തന്റെ പുത്രനെ ഓർത്ത് അഭിമാനം തോന്നി.

## പ്രാർത്ഥനയുടെ മനുഷ്യൻ

ഒരു ദിവസം മാർട്ടിൻ വീട്ടുടമസ്ഥനോട് ഒരു മെഴുകുതിരി ആവശ്യപ്പെട്ടു. അതിരാവിലെ പുറപ്പെടുകയും പകൽ മുഴുവൻ ജോലി ചെയ്യുകയും ചെയ്യുന്ന മാർട്ടിനെന്തിനാണ് മെഴുകുതിരി. അന്നു രാത്രി വീട്ടുടമസ്ഥനായ വെന്റു റാസിലൂണാ മാർട്ടിനെ ശ്രദ്ധിച്ചു. രാത്രിയിൽ കതകിന്റെ പുറകിൽ ഒരു ചെറിയ ദീപനാളം. അവർ താക്കോൽ പഴുതിലൂടെ മാർട്ടിന്റെ മുറിയിലേക്ക് ഒളിഞ്ഞുനോക്കി. അപ്പോൾ കണ്ട കാഴ്ച അവരെ അത്ഭുതപ്പെടുത്തി. ഭിത്തിയിൽ തൂങ്ങിക്കിടക്കുന്ന ക്രൂശിതരൂപത്തിനു മുമ്പിൽ മാർട്ടിൻ മുട്ടുകുത്തി നിൽക്കുന്നു. മനുഷ്യപാപങ്ങളെ ഓർത്തുള്ള ബാഷ്പകണങ്ങൾ അവന്റെ കണ്ണുകളിൽ വെന്റു റാസിലൂണാ കണ്ടു.

## ഒരു വഴിത്തിരിവ്

അനേകം രാത്രികളിൽ മാർട്ടിൻ ക്രൂശിത രൂപത്തിന്റെ മുന്നിലിരുന്ന് ശാന്തതയിൽ പ്രാർത്ഥിക്കും. ശാന്തത തനിക്കുചുറ്റും നിറഞ്ഞ നിന്ന ഒരു ദിവസം മാർട്ടിൻ സ്വജീവിതത്തിന്റെ വഴിത്തിരിവിനെ കുറിക്കുന്ന ഒരു തീരുമാനമെടുത്തു. 'മഹായജമാനൻ' തന്നെ പ്രത്യേക രീതിയിൽ വിരുന്നിന് ക്ഷണിക്കുന്നതായി അവന് തോന്നി. വിരുന്നിന് ചെല്ലുമ്പോൾ ഏറ്റവും താഴ്ന്ന സ്ഥാനത്തിരിക്കുക എന്ന മുന്നറിയിപ്പിനെപ്പറ്റി. അവൻ ബോധവാനായിരുന്നു. അതിനാൽ വൈദികനാകാൻ മോഹമില്ല. ഒരു സാധാരണ ബ്രദർ ആകുവാനുള്ള അർഹതയും തനിക്കില്ലെന്ന് അവനുതോന്നി. സാന്റോ ഡോമിൻ ഗോയിലുള്ള ഒരു ഡൊമിനിക്കൻ സന്യാസാശ്രമത്തിൽ വെറുമൊരു മൂന്നാംകിട ജോലിക്കാരനായി സേവനമനുഷ്ഠിക്കാൻ അവൻ തീരുമാനിച്ചു. മാർട്ടിന്റെ ഈ തീരുമാനം അവന് വിജയകരമായ ഭാവി സ്വപ്നം കണ്ടിരുന്ന അവന്റെ അമ്മയെ നിരാശപ്പെടുത്തി. എല്ലാം ഉപേക്ഷിച്ച് ഒരാശ്രമത്തിൽ ഒരു ഹെൽപ്പറായി ജോലി ചെയ്യുന്നതിനെപ്പറ്റി ചിന്തിക്കുവാനേ അവൾക്ക് കഴിഞ്ഞില്ല. ഈ വാർത്തയറിഞ്ഞ ഡേ. റിവോരെയും അവനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. ആതുരശുശ്രൂഷ രംഗത്ത് കുറേനാൾ തന്നോടുകൂടി പ്രവർത്തിച്ചാൽ ലഭിക്കുന്ന നന്മകളെപ്പറ്റി ഡോക്ടർ അവനെ ബോധവാനാക്കി. പക്ഷെ മാർട്ടിൻ തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു.

## ഡൊമിനിക്കൻ ആശ്രമത്തിലേക്ക്

ഡൊമിനിക്കൻ സഭയിൽ ഭൃത്യനായി ജോലിചെയ്യുവാനുള്ള ഇരുപത്തിയഞ്ച് വയസ്സുകാരന്റെ തീരുമാനം വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു. തികഞ്ഞ ആത്മാർത്ഥതയും ലാളിത്യവും നിറഞ്ഞ ഈ നീഗ്രോ പയ്യനെ കണ്ട് ആശ്രമ അധികാരികൾ ആശ്ചര്യപ്പെട്ടു. അവർ ദാരിദ്ര്യത്തിലും ആശ്രമം ഋണബാധ്യതയിലും ആയതിനാൽ ശമ്പളമായി ഒന്നും നൽകാൻ നിവൃത്തിയില്ലെന്നും പ്രിയോർ അറിയിച്ചു. തനിക്ക് പണത്തിൽ താൽപ്പര്യമില്ലെന്നും ശുശ്രൂഷയാണ് താൻ ആഗ്രഹിക്കുന്നതെന്നും മാർട്ടിൻ പറഞ്ഞു. എന്നാൽ ഒരു തുണ സഹോദരനായാലോ എന്ന് പ്രിയോർ ചോദിച്ചു. അതിനു മറുപടിയായി തുണ സഹോദരന്മാരുടെ ഒരു ഭൃത്യനാകാനാണ് ആഗ്രഹമെന്ന് അവൻ പറഞ്ഞു. കുറേ പര്യാലോചനകൾക്കു ശേഷം മാർട്ടിനെ അവർ സ്വീകരിച്ചു.

## ഒരു പുതിയ മനുഷ്യൻ

വൈദികരും, മതാധികാരികളും ധരിക്കുന്ന വേഷം ഒരു പ്രതീകമാണ്. താൻ ഇപ്പോൾ ക്രിസ്തുവിന്റേതാണെന്ന് ഓർമ്മിക്കുന്നതിനുവേണ്ടി മാർട്ടിനും ഒരു വേഷം വേണം. വൈദികർ ധരിക്കുന്ന വസ്ത്രത്തോട് സാമ്യമുള്ളതും എന്നാൽ മുൻഭാഗത്തും പിൻഭാഗത്തും തോളിലൂടെ ഇറങ്ങി കിടക്കുന്ന നീളമുള്ള സ്കാപ്പുകൾ ഇല്ലാത്തതും വെള്ള കമ്പിളിയാൽ കൊണ്ട്

ഉണ്ടാക്കിയതുമായ ഒന്നായിരുന്നു മാർട്ടിന്റെ വേഷം. കഴുത്തിലും, തുകൽ ബെൽറ്റിലും ഓരോ വലിയ കൊന്ത തൂങ്ങിക്കിടന്നിരുന്നു. അങ്ങനെ വെള്ളവസ്ത്രം ധരിച്ച് മാർട്ടിൻ പുതിയ ജീവിതമാരംഭിച്ചു.

## നീഗ്രോകളുടെ പ്രാർത്ഥന

ലാളിത്യത്തിന്റെ ഉടമയായിരുന്നു മാർട്ടിൻ. നീഗ്രോകളുടെ സമൂഹപ്രാർത്ഥന ശ്രദ്ധിച്ചാൽ ദൈവത്തോട് എത്ര ലാളിത്യമായി അവർക്ക് സംസാരിക്കാൻ കഴിയുമെന്ന് നമുക്ക് മനസ്സിലാകും. അന്നന്നത്തെ ആവശ്യത്തിനും തെറ്റുകൾ ക്ഷമിക്കുന്നതിനും വേണ്ടിയുള്ള സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന അവരുടെ രീതിയിൽ പ്രാർത്ഥിക്കുമ്പോൾ അത് ഇപ്രകാരമാകുന്നു. "ഇന്നത്തേയ്ക്കുള്ള ഇറച്ചിയും ചോറും ഞങ്ങൾക്ക് നൽകണമെ. ഞങ്ങളോട് മോശമായി പെരുമാറുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്ന രീതിയിൽ ഞങ്ങൾ മോശമായി പെരുമാറുന്നത് ഞങ്ങളോടും ക്ഷമിക്കണമെ. മോശമായ വഴിയിലൂടെ പോകാനും മോശമായ കാര്യങ്ങൾ ചെയ്യാനും ഞങ്ങളെ അനുവദിക്കരുതെ"നന്മ നിറഞ്ഞ മറിയമെ എന്ന പ്രാർത്ഥനയിലൂടെയുള്ള അവരുടെ അപേക്ഷ ഇങ്ങനെയാണ്. "പരിശുദ്ധ മറിയമെ ദൈവമാതാവേ, മോശപ്പെട്ട ആൾക്കാരായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങൾ മരിക്കാൻ പോകുന്ന സമയത്തും ദൈവത്തോട് പ്രാർത്ഥിക്കണമെ" മാർട്ടിൻ ഡി പോറസ് ഈ ലാളിത്യത്തിന്റെയും നിഷ്കളങ്കതയുടെയും വിശുദ്ധനാണ്.

## മാർട്ടിന്റെ പ്രഭാതാനുഷ്ഠാന മുറകൾ

മാർട്ടിന്റെ പ്രഭാതാനുഷ്ഠാനമുറകൾ ഇപ്രകാരമായിരുന്നു. ക്രൂശിത രൂപത്തിന് മുന്നിൽ തലകുമ്പിട്ട് ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ എന്നു പറയും. അതിനുശേഷം പരിശുദ്ധ കന്യാമറിയത്തിന്റെയും വിശുദ്ധ ഡൊമിനിക്കിന്റെയും ഭിത്തിയിലുള്ള ചിത്രത്തിൽ നോക്കി പ്രാർത്ഥിക്കും. വാഴ്ത്തപ്പെട്ട പ്രിയ അമ്മേ! ഈ ദിവസത്തിൽ ഞാൻ എന്തിനെങ്കിലും പ്രയോജനമുള്ളവനായി തീരേണമെ. പരിശുദ്ധ പിതാവായ വിശുദ്ധ ഡൊമിനിക്കേ എന്റെ ജോലിയിൽ എന്നെ സഹായിക്കാൻ വരണമെ. ഔ. യൗസേപ്പിതാവെ ഈ ആശ്രമത്തിലുള്ള ഞങ്ങൾക്കെല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും അപകടങ്ങളിൽ നിന്നും ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമെ. പ്രാഭതത്തിലെ മണിനാദം കേൾക്കുമ്പോൾ തന്നെ ദേവാലയത്തിൽ എത്തും. ദിവ്യബലിയിൽ സഹായിക്കുന്നതിന് പ്രത്യേകാനുമതി നൽകപ്പെട്ട ദേവാലയങ്ങളിലൊന്നിലാണ് അദ്ദേഹം പോയിരുന്നത്. ദിവസത്തിന്റെ ആരംഭത്തിൽ പരിശുദ്ധമാക്കപ്പെട്ട ജീവിതത്തിലെ ഓരോ മണിക്കൂറുകളും തിരക്കുപിടിച്ചതാണ്. പാത്രങ്ങൾ കഴുകണം, ആശ്രമം അടിച്ചുവൃത്തിയാക്കണം. ലിനൻ തുണികൾ മടക്കിവയ്ക്കണം. തോട്ടം നനയ്ക്കണം, ദിവസവും ചെയ്യേണ്ട വേറെ നൂറുകൂട്ടം ജോലികളുമുണ്ട്.

## എലിയെ പോറ്റി വളർത്തിയ വിശുദ്ധൻ

ഒരു ദിവസം പള്ളിസൂക്ഷിപ്പുകാരനായ ബ്രദർ മൈക്കിൾ പ്രഭാത ഭക്ഷണത്തിനുശേഷം ധൃതിയിൽ അന്നത്തെ പരിപാടികൾക്ക് പോകാൻ ഒരുങ്ങുകയാണ്. ലിനൻ തുണികൾ എടുത്ത് നോക്കിയപ്പോൾ അത് എലി കരണ്ട് ദ്വാരം ഉണ്ടാക്കിയിരുന്നു. അൾത്താര വിരികളും പുറങ്കുപ്പായവും എലി വെട്ടി നശിപ്പിച്ചിരുന്നു. ഈ വസ്ത്രങ്ങളെല്ലാം മേശപ്പുറത്ത് കൂട്ടിയിട്ടശേഷം അദ്ദേഹം പ്രിയോർ അച്ചനെ അന്വേഷിച്ചുപോയി. ബ്രദർ മൈക്കിൾ പ്രിയോർ അച്ചനോട് സങ്കടങ്ങൾ രേഖപ്പെടുത്തി. അച്ചൻ എല്ലാം മൗനമായിരുന്ന് കേട്ടു. കുറേ നേരം അദ്ദേഹം ചിന്തിച്ചു. എന്തു ചെയ്യും? അവസാനം പ്രിയോർ അച്ചൻ പറഞ്ഞു മാർട്ടിനോട് പറയുക. ഇക്കാര്യത്തിൽ മാർട്ടിന് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞേക്കും. എലികളുടെ കാര്യത്തിൽ മാർട്ടിനെന്തു ചെയ്യാൻ. ബ്രദർ മൈക്കിൾ പിറുപിറുത്തുകൊണ്ട് പുറത്തേയ്ക്ക് പോയി. എലികൾ തുണികൾ നശിപ്പിച്ച കാര്യം മാർട്ടിനെ അറിയിച്ചു. എല്ലാം കേട്ടശേഷം മാർട്ടിൻ പറഞ്ഞു. ഇത് എന്റെ കുറ്റമാണ്. ഞാൻ എലികൾക്ക് തീറ്റ കൊടുക്കാത്തതുകൊണ്ടാണ് ഇത് സംഭവിച്ചത്. അദ്ദേഹത്തിന് പ്രകൃതിയോടും മൃഗങ്ങളോടും സഹോദര നിർവ്വിശേഷമായ സ്നേഹം തോന്നി. എത്ര ശ്രമിച്ചിട്ടും എലികളെ നേരെ നീരസപ്പെടുത്താൻ മാർട്ടിന് കഴിഞ്ഞില്ല. അലഞ്ഞുതിരിയുന്ന പൂച്ചകൾക്ക് താൻ ഭക്ഷണം കൊടുത്തിട്ടുണ്ട്. മുയലിന്റെ മുറിവുകൾ വെച്ചുകെട്ടി സുഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ പാവം എലികൾക്ക് താൻ ഒരു റൊട്ടി

കഷണംപോലും കൊടുത്തിട്ടില്ല. ഒടുവിൽ മാർട്ടിൻ ഒരു തീരുമാനത്തിലെത്തി. അദ്ദേഹം ചോദിച്ചു. എവിടെവെച്ചാണ് അവസാനം എലിയെ കണ്ടത്? ഒരാൾ പറഞ്ഞു: തോട്ടത്തിൽവച്ച് മാർട്ടിൻ നടന്ന് തോട്ടത്തിൽ ചെന്നു എലിമാളം കണ്ടുപിടിച്ചു. അതിനുശേഷം ഗുഡ് മോണിംഗ് പറഞ്ഞ് എലികളെ അഭിവാദ്യം ചെയ്തു. നീയും നിന്റെ കൂട്ടുകാരും കൂടി നശിപ്പിച്ച ലിനൻ തുണികളെപ്പറ്റി സംസാരിക്കാനാണ് ഞാൻ വന്നത്. അതിന് ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. ഞാൻ നിങ്ങൾക്ക് ഭക്ഷണം തരാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. നിങ്ങളുമായി ഒരു കരാർ ഉണ്ടാക്കാൻ എനിക്ക് താൽപ്പര്യമുണ്ട്. നിങ്ങൾ എല്ലാ എലികളും ആശ്രമം വിട്ടുപോവുകയും ഇപ്പോൾ ഉപയോഗമില്ലാതെ കിടക്കുന്ന പഴയ കളപ്പുരയിൽ താമസിക്കാൻ സമ്മതിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങൾക്കാവശ്യമായ ഭക്ഷണം ഓരോ ദിവസവും എത്തിച്ചു തരുന്നതാണെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. ആ കൂടിക്കാഴ്ചക്ക് ഫലമുണ്ടായി. എലികൾ അത് അനുസരിച്ചു. മാർട്ടിൻ ആശ്രമത്തിലേക്ക് തിരിച്ചുനടന്നു. പടിവാതിൽക്കൽ നിൽക്കുന്ന ബ്രദറിനോട് മാർട്ടിൻ പറഞ്ഞു. ഇനി എലികൾ തുണി നശിപ്പിക്കുകയില്ല. ആശ്രമത്തിലുള്ള എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് സർവ്വ എലികളും ആശ്രമം വിട്ടുപോവുകയും, പഴയ കളപ്പുരയിൽ താമസമാക്കുകയും ചെയ്തു. മാർട്ടിന്റെ അതിഥികളെപോലെ മാന്യന്മാരായി അവർ കളപ്പുരയിൽ നല്ല ഭക്ഷണം കഴിച്ച് സുഖമായി ജീവിതം ആരംഭിച്ചു.
ൈ്രെകസ്തവ സ്നേഹത്തിന്റെ പ്രയോക്താവ്.

## ലേ ബ്രദർലേക്കുള്ള വിളിയുടെ തുടക്കം

കടബാധ്യതയാൽ സാന്റോ ഡൊമിനിങ്കൊയിലെ ആശ്രമം മുങ്ങുകയാണ്. പ്രിയോരച്ചൻ വളരെയധികം ക്ലേശപ്പെട്ടു. ദിവസേന പുതിയപുതിയ കടങ്ങൾ ഉായിക്കൊണ്ടിരിക്കുന്നു. ഇക്കാര്യത്തെപ്പറ്റി അറിഞ്ഞ മാർട്ടിൻ ഡി പോറസിനും ദുഃഖമായി. ഓരോ ദിവസവും പ്രിയോർ അച്ചൻ ഒരു പൊതിക്കെട്ടുമായി ആശ്രമത്തിൽ നിന്ന് പുറത്തേക്ക് പോകുന്നത് കാണാമായിരുന്നു. ആശ്രമം നിലനിർത്താൻ അവിടെയുള്ള എന്തെങ്കിലും സാധനങ്ങളാണ് അതെന്ന് മാർട്ടിൻ മനസ്സിലാക്കി. ഭിത്തിയിൽ തൂക്കിയിട്ടിരുന്ന ഛായാചിത്രങ്ങൾ വരെ അദ്ദേഹത്തിന് വിൽക്കേണ്ടി വന്നു. ഒരു ദിവസം രാവിലെ മാർട്ടിൻ ഒരു ഇടനാഴിക തുത്ത് വൃത്തിയാക്കിക്കൊണ്ടിരിക്കുകയായിരുന്നു. പുറത്തേയ്ക്ക് നോക്കിയപ്പോൾ പ്രിയോർ അച്ചൻ രണ്ട് വലിയ പാഴ്സലുകൾ ചുമന്നുകൊണ്ട് പോകുകയാണ്. മാർട്ടിൻ ഓടി ഭക്ഷണശാലയിൽ ചെന്നു. ആ ഭിത്തിയിൽ തൂക്കിയിട്ടിരുന്ന രണ്ട് ചിത്രങ്ങൾ അവിടെ കാണാനില്ല. അവന്റെ ഹൃദയം വേദനിച്ചു. എങ്ങനെയെങ്കിലും പ്രിയോർ അച്ചനെ സഹായിക്കണമെന്ന് തോന്നി. എങ്ങനെ സഹായിക്കും. പെട്ടെന്ന് അവന്റെ മനസ്സിൽ ഒരാശയം ഉദിച്ചു. താൻ പ്രാപ്തിയും ബലവും വിദ്യാഭ്യാസവും ഉള്ളവനാണ്. തന്നെ അടിമ എന്ന നിലയിൽ വിറ്റാൽ നല്ല വില കിട്ടും. ഈ സമയം പ്രിയോർ അച്ചൻ മാർക്കറ്റിലേക്കുള്ള വഴിയിലേക്ക് തിരിഞ്ഞു കഴിഞ്ഞു. അദ്ദേഹം കുന്നുകയറാൻ ബദ്ധപ്പെടുകയാണ്. മാർട്ടിൻ ഓടി കിതച്ച് പ്രിയോർ അച്ചന്റെ അടുക്കലെത്തി അച്ചനോട് പറഞ്ഞു ഈ ചിത്രങ്ങൾ വിൽക്കേണ്ട യാതൊരാവശ്യവുമില്ല, എന്നെ വില്ക്കുക. ഈ ചിത്രങ്ങൾ വിറ്റാൽ കിട്ടുന്നതിനേക്കാൾ എത്രയോ പണം എന്നെ വിറ്റാൽ കിട്ടും. ആശ്രമത്തിന്റെ എല്ലാ കടങ്ങളും വീട്ടാൻ ഇതുവഴി സാധിക്കും. പ്രിയോർ ആശ്ചര്യപ്പെട്ട് നിന്നുപോയി. തന്നെ മുഴുവനായും മനസ്സിലാക്കിയ ആശ്രമവാസിയെയോർത്ത് അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. അദ്ദേഹം ആ ചിത്രങ്ങൾ മതിലിൽ ചാരിവെച്ചു. അതിനുശേഷം മാർട്ടിന്റെ തോളിൽ കയ്യിട്ടുകൊണ്ട് പറഞ്ഞു. ''വേണ്ട മാർട്ടിൻ നീ അതേപ്പറ്റി ചിന്തിക്കരുത്. ഭൂമിയിലെ എല്ലാറ്റിനെക്കാളും വിലപിടിപ്പുള്ളവനാണ് നീ. മാർട്ടിൻ ചിന്താകുഴപ്പത്തിലായി. ചിന്താമഗ്നനായി നിൽക്കുന്ന മാർട്ടിനോട് അച്ചൻ ഇത്രമാത്രം പറഞ്ഞു. മാർട്ടിൻ ഇപ്പോൾ എന്റെ കൂടെവരു. വില്ക്കുന്ന കാര്യത്തെപ്പറ്റി ഇനി സംസാരിക്കണ്ട. ഈ പാഴ്സൽ മാർക്കറ്റിലേക്ക് കൊണ്ടുപോകാൻ എന്നെ സഹായിക്കുക. ക്രിസ്തുവിനെപ്പോലെ വേദനിക്കുമ്പോൾ ആശ്വസിപ്പിക്കുന്ന ഒരു ഭൃത്യനെ കിട്ടിയതിൽ പ്രിയോർ ദൈവത്തെ സ്തുതിച്ചു.

## കൂടുതൽ ഉയർന്ന സ്ഥാനത്തേയ്ക്ക്

ഒരു ദിവസം പ്രിയോർ അച്ചൻ മാർട്ടിനെ തന്റെ മുറിയിലേക്ക് വിളിപ്പിച്ചു. മാർട്ടിൻ

അടുത്തെത്തിയപ്പോൾ അച്ചൻ പറഞ്ഞു മാർട്ടിൻ, നിന്റെ കാര്യത്തെപ്പറ്റി ഞാൻ ദൈവത്തോട് വളരെ നേരം പ്രാർത്ഥിച്ചു. ഇപ്പോൾ എന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കാൻ ദൈവം തിരുമനസ്സായിരിക്കുന്നു. ഞാൻ നിന്നെ ഡൊമിനിക്കൻ ഒന്നാം സഭയിലെ ഒരു ലേ ബ്രദർ ആക്കാൻ പോവുകയാണ്. മാർട്ടിൻ ഞെട്ടിപ്പോയി സംസാരിക്കാനാവാത്തവിധം അവൻ സ്തബ്ദനായിപ്പോയി. അവന്റെ പ്രതിഷേധങ്ങളൊന്നും പ്രിയോർ ചെവിക്കൊണ്ടില്ല. അവസാനം അത്യധികം വിനയത്തോടെ അവനത് സമ്മതിച്ചു. പഴയ ജോലികൾ അതേപടി തുടർന്നുകൊണ്ടുപോവുക എന്നതുമാത്രമാണ് മാർട്ടിന് ചെയ്യാൻ ഉണ്ടായിരുന്നത്. അതിന് ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങളാൽ പരിശുദ്ധമാക്കപ്പെടണമെന്നുമാത്രം. ഈ വ്രതം എടുക്കുന്നത് വീണ്ടും ഒരു മാമ്മോദീസാ സ്വീകരിക്കുന്നതിന് തുല്യമാണെന്ന് ആശ്രമാധികൃതർ മാർട്ടിനോട് പറഞ്ഞു. വ്രതവാഗ്ദാന ദിനത്തിൽ ജ്ഞാനസ്നാന ജലംകൊണ്ട് കഴുകി ശുദ്ധമാക്കപ്പെട്ടതുപോലെ പ്രഭാപൂരിതമായ ആത്മാവോടുകൂടി അവൻ ദൈവത്തിന്റെ മുമ്പിൽ നിന്നു. മാർട്ടിൻ വളരെയേറെ സന്തോഷിക്കുകയും വിസ്മയിക്കുകയും ചെയ്തു.

## ഒരേസമയം രണ്ടിടത്ത്

ശക്തമായ പനിയെത്തുടർന്ന് ശയ്യാവലംബിയായ ഫാ. ജോൺ ആ ആശ്രമത്തിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുറിയുടെ കതക് രാത്രിയിൽ എന്നും പൂട്ടിയാണ് ഇടുക. രാത്രിയിൽ ശക്തമായ വേദന ഫാ. ജോണിന് ഉണ്ടായി. അദ്ദേഹത്തിന്റെ തൊണ്ട ദാഹിച്ച് വരണ്ടു. അല്പം വെള്ളം കിട്ടിയിരുന്നെങ്കിൽ...മാർട്ടിൻ... അദ്ദേഹം വിളിച്ചു. എന്താവശ്യമുണ്ടെങ്കിലും ആശ്രമത്തിലുള്ളവർ ആദ്യം വിളിക്കുന്ന പേര് മാർട്ടിന്റേതാണ്. ഒരു നിമിഷം കഴിഞ്ഞ് അദ്ദേഹം കണ്ണുതുറന്നുനോക്കിയപ്പോൾ കതക് തുറക്കാതെ മാർട്ടിൻ അതാ തന്റെ മുമ്പിൽ ഒരു പാത്രം വെള്ളവുമായി നിൽക്കുന്നു. മാർട്ടിൻ തന്റെ മുറിയിൽനിന്ന് പുറത്തിറങ്ങാതെ ഫാ. ജോണിന്റെ അടുത്ത് ചെന്നുവെന്നാണ് ആശ്രമവാസികൾ പറഞ്ഞത്. ഒരേ സമയം ഒന്നിലധികം സ്ഥലത്ത് സന്നിഹിതനാകാനുള്ള മാർട്ടിന്റെ കഴിവിനെപ്പറ്റി ചില്ലരെല്ലാം അടക്കിയ സ്വരത്തിൽ സംസാരിക്കാറുണ്ടായിരുന്നു. മൂറിഷ് അൽജിയേഴ്സിൽ താൻ രോഗിയായ ഒരു തടവുകാരനായിരുന്നപ്പോൾ മാർട്ടിൻ തന്നോട് സൗഹൃദം പുലർത്തിയ വിവരം ഒരാൾ ഒരിക്കൽ പരസ്യമായി പ്രഖ്യാപിച്ച് എല്ലാവരെയും വിസ്മയഭരിതരാക്കിയതാണ് മറ്റൊരു സംഭവം.

## വൈദിക വിദ്യാർത്ഥികൾ പറഞ്ഞത്

ഒരിക്കൽ മാർട്ടിനോടൊപ്പം നടക്കാൻ പോയ കുറേ വൈദിക വിദ്യാർത്ഥികൾക്ക് പറയാനുള്ളത് പുതുമയുള്ള മറ്റൊരു കാര്യമാണ്. മാർട്ടിൻ കൃത്യമായി പ്രാർത്ഥിക്കുന്ന ബ്രദറാണ്. പ്രാർത്ഥനാ സമയമാകുന്നതിന് ഏതാനും നിമിഷങ്ങൾ മാത്രമുള്ളപ്പോൾ അവർ ആശ്രമത്തിൽ നിന്നും മൈലുകൾ അകലെയായിരുന്നു. സമയം വൈകിയെന്ന് അദ്ദേഹം പറയുകയും അടുത്ത നിമിഷത്തിൽ തന്നെ അവർ ആശ്രമത്തിന് അടുത്തെത്തുകയും ചെയ്തു. വൈദിക വിദ്യാർത്ഥികൾ സ്തബ്ദരായി നിന്നുപോയി. മരിച്ചവനെ ഉയർപ്പിക്കുന്ന്. മാർട്ടിന്റെ അത്ഭുത പ്രവർത്തനങ്ങൾ വർദ്ധമാനമായ തോതിൽ തുടർന്നുകൊണ്ടിരുന്നു. ഒരു ദിവസം മാർട്ടിൻ ഡി പോറസ് സാന്റോ ഡോമിൻഗോയിലേക്ക് തിരികെ വന്നപ്പോൾ ആശ്രമത്തിലുള്ളവരെല്ലാം ദുഃഖിതരായിരിക്കുന്നത് കണ്ടു. അദ്ദേഹം കാര്യം അന്വേഷിച്ചപ്പോൾ ബ്രദർ തോമസ് മരിച്ചുവെന്നുള്ള വാർത്തയാണ് കിട്ടിയത്. തീവ്രവേദനയുടെ പാരമ്യത്തിൽ അദ്ദേഹം മാർട്ടിനെ കാണണമെന്ന് പലപ്രാവിശ്യം ആവശ്യപ്പെട്ടിരുന്നുവെന്നും അറിയിച്ചു. അപ്പോൾ അദ്ദേഹം സത്യത്തിൽ മരിച്ചോ? നിങ്ങൾക്ക് അത് തീർച്ചയുണ്ടോ? മാർട്ടിൻ ചോദിച്ചു. ഞങ്ങൾക്ക് നിശ്ചയമുണ്ട്. എന്നവർ മറുപടി പറഞ്ഞു. മാർട്ടിൻ പറഞ്ഞു. എന്നെ എത്രയും വേഗം ബ്രദർ തോമസിന്റെ അടുക്കൽ കൊണ്ടുപോവുക പ്രതീക്ഷയുടെ കനത്ത നിശബ്ദത അവിടെ മുഴുവൻ വ്യാപിച്ചു. അവർ മാർട്ടിനെ ബ്രദർ തോമസിന്റെ മൃതദേഹത്തിന് അടുക്കലേക്ക് കൊണ്ടുപോയി. മാർട്ടിൻ പ്രാർത്ഥനാപൂർവ്വം ക്രൂശിത രൂപത്തിനു മുമ്പിൽമുട്ടുകുത്തി. ഫാ. ഫെർണ്ടാസ് നോക്കിനിൽക്കവെ എഴുന്നേറ്റ് മൃതദേഹത്തിന്റെ തണുത്ത മരവിച്ചകരം കയ്യിലെടുത്തുകൊണ്ട് പറഞ്ഞു; യേശുക്രിസ്തുവിന്റെ നാമത്തിൽ ബ്രദർ തോമസ് എഴുന്നേൽക്കുക. പെട്ടെന്ന് അദ്ദേഹം എഴുന്നേറ്റിരുന്നു. താങ്കൾക്ക് ഇപ്പോൾ വിശക്കുന്നുണ്ടാവും

എന്ന പറഞ്ഞ് അലമാര തുറന്ന് കുറച്ചുഭക്ഷണം എടുത്തുകൊടുത്തു. അതിനുശേഷം എലികളോടു ചെയ്ത ഉടമ്പടി പാലിക്കുവാനായി പെട്ടെന്ന് മുറിയിൽ നിന്നിറങ്ങി പുറത്തേയ്ക്ക് പോയി. സഹപാഠികൾ മുറിയിൽ പ്രവേശിച്ചപ്പോൾ ബ്രദർ തോമസ് ഉന്മേഷവാനായി ഭക്ഷണം കഴിക്കുന്നതാണ് കണ്ടത്.

## രാത്രിയെ പകലാക്കിയവൻ

ബ്രദർ മാർട്ടിൻ ഡി പോറസിനെപ്പറ്റി ആശ്ചര്യകരമായ കാര്യങ്ങൾ തുടർന്നും പ്രചരിച്ചു. ജോൺ വാസ്ക്വെസ് എന്ന സ്പെയിൻ കാരൻ ഡൊമിനിക്കൻ സഭാംഗങ്ങളോടൊരുമിച്ച് താമസിക്കുവാനായി വന്നു. ഈ സ്പെയിൻകാരന് ലീമായിൽ സുഹൃത്തുക്കൾ ആരും ഇല്ലാത്തതിനാൽ മാർട്ടിൻ തന്റെ മുറിയിൽ അദ്ദേഹത്തെ താമസിപ്പിച്ചു. തലേദിവസം രാത്രി നടന്ന ഭൂകമ്പത്തെപ്പറ്റിയും അതേ തുടർന്നുണ്ടായ ഭീതിയെപ്പറ്റിയും പറയുവാൻ ജോൺ വാസ്ക്വെസ് സങ്കീർത്തിയിൽ ബ്രദർ മാർട്ടിന്റെ അടുക്കൽ ചെന്നു. അതിനുശേഷം മാർട്ടിൻ ഉണ്ടാക്കിക്കൊടുത്ത താല്ക്കാലിക കട്ടിലിൽ ജോൺ വാസ്ക്വെസ് കിടന്നു. രാത്രിയിൽ ഒരു പ്രകാശം കണ്ട് അദ്ദേഹം ഞെട്ടിയുണർന്നു. കണ്ണ് തുറന്നു നോക്കിയപ്പോൾ അയാൾ അന്ധാളിച്ചുപോയി. മുറിയ്ക്കുള്ളിൽ ഒന്നാന്തരം പകൽ വെളിച്ചം. ജനാലയിൽ കൂടി പുറത്തേക്ക് നോക്കിയപ്പോൾ പുറത്തെല്ലാം അർദ്ധരാത്രിയുടെ പ്രതീതി. അദ്ദേഹം ഞെട്ടി മാർട്ടിനെ വിളിച്ചെങ്കിലും. മാർട്ടിന്റെ ശ്രദ്ധയാകർഷിക്കാൻ കഴിഞ്ഞില്ല. പാദത്തിന് താഴെ തറയുടെ ശക്തമായ തണുപ്പ്, ഹൃദയത്തിൽ ഭീതിയുടെ കറുത്തകരം. അയാൾ വേഗത്തിൽ കട്ടിലിൽ കയറി തല പുതച്ചുമൂടികിടന്നു. പ്രഭാതത്തിൽ മാർട്ടിൻ അയാളെ വിളിച്ചുണർത്തി. ജോൺ സൂക്ഷിച്ചുനോക്കി, അതെ പഴയ മാർട്ടിൻ തന്നെ. കറുത്തമുഖവും... ശരീരവും...അതേ ചിരിയുമായി അതാ, തന്റെ മുമ്പിൽ ഒരുകപ്പ് കാപ്പിയുമായി നിൽക്കുന്നു.

## അന്ത്യനാളുകൾ

ഇതിനിടയിലും മാർട്ടിൻ തന്റെ ജോലികൾ എല്ലാം കൃത്യമായി ചെയ്തുപോന്നു. ആശ്രമം അടിച്ചുവൃത്തിയാക്കുക, രോഗികളെ പരിചരിക്കുക, പാവങ്ങൾക്ക് ഭക്ഷണം കൊടുക്കുക, എലികളോട് ചെയ്ത വാക്കുപാലിക്കുക ഇതിനൊന്നു മുടക്കം വരുത്തിയില്ല. ഒരു ദിവസം ചൂലുമെടുത്ത് ആശ്രമപരിസരം വൃത്തിയാക്കുമ്പോൾ വേദനയുടെ കുത്തലുകൾ കൂടെക്കൂടെ അനുഭവപ്പെടാൻ തുടങ്ങി. അപ്പോൾ ചൂല് നിലത്ത് അമർത്തിപിടിക്കും. ആ അമർത്തൽ മരണത്തെ ഹസ്തദാനം ചെയ്യാൻ നിൽക്കുന്നതു പോലെ തോന്നി. ഒരു ദിവസം ആശ്രമം വൃത്തിയാക്കുമ്പോൾ അദ്ദേഹത്തിന് വേദനകൂടി. അടുത്തുനിന്ന വൈദികനോട് തനിക്ക് മുറിയിൽ പോയി കിടക്കണമെന്ന് അദ്ദേഹം പറഞ്ഞു. മാർട്ടിനെപോലെ ഒരാൾ വേദനയുടെ സമയത്ത് മുറിയിൽ പോയി വിശ്രമിക്കണം. എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം മരണം അടുത്തെത്തിയിരിക്കുന്നുവെന്നാണ്.

## മരണത്തെപ്പറ്റിയുള്ള പ്രവചനം

ഒരു ദിവസം മാർട്ടിൻ ഡി പോറസ് മോടിയുള്ള വസ്ത്രം ധരിച്ച് പ്രത്യക്ഷപ്പെട്ടു. ആശ്രമവാസികളെല്ലാം അത്ഭുതപ്പെട്ടു. ജീവിതകാലം മുഴുവൻ കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ചവൻ ഇപ്പോഴിതാ മോടിയായി വസ്ത്രം ധരിച്ച് വന്നിരിക്കുന്നു. ചിലരെങ്കിലും പരിഹസിച്ചു. മാർട്ടിൻ പറഞ്ഞു എന്റെ ശവസംസ്ക്കാരത്തിന് ഒരു പുതിയ വേഷം വേണമെന്ന് എനിക്കിപ്പോൾ തോന്നുന്നു. ഇതുകേട്ട മാർട്ടിന്റെ സുഹൃത്ത് അദ്ദേഹത്തെ സൂക്ഷിച്ചുനോക്കി. മാർട്ടിൻ ശാന്തനായി വിശദീകരിച്ചു; ഞാൻ നാലുദിവസത്തിനകം മരിക്കാൻ പോവുകയാണ്!◌്.

## ലീമാ ഇളകിമറിയുന്നു

ഈ വാർത്ത കാട്ടുതീപോലെ ലീമാ മുഴുവൻ പടർന്നു. മാർട്ടിൻ ഡി പോറസിന്റെ ഉപവിയുടെ ഫലം അനുഭവിച്ചറിഞ്ഞ ഇന്ത്യക്കാരും, സ്പെയിൻകാരും, നീഗ്രോകളും വെള്ളക്കാരുമടങ്ങിയ ഒരു വലിയ ജനക്കൂട്ടം ലീമായിലേക്ക് ഒഴുകാൻ തുടങ്ങി. രാജാവിന്റെ വൈസ്രോയി ഡോൺ ലിന്യസ് ഫെർണാൺസ് ബൊബാഡില്ല മാർട്ടിനോട് യാത്രചോദിക്കാനായി ദ്രുതഗതിയിൽ ലീമായിലെത്തി. മെക്സിക്കോ ബിഷപ്പ് മാർട്ടിന്റെ ജീവനെ രക്ഷിക്കാൻ എത്രപണം വേണമെങ്കിലും ചെലവാക്കണമെന്ന് പറഞ്ഞ് ഡൊമിനിക്കൻ സഭാധികാരികൾക്ക് എഴുതി.

## അവസാന അഭ്യർത്ഥന

അസാധാരണമായ സാഹചര്യത്തിൽ മാർട്ടിനെ സന്ദർശിക്കാൻ വന്ന വൈസ്രോയിയെ പ്രിയോർ അച്ചൻ എല്ലാ ആചാരമര്യാദകളോടും കൂടി സ്വീകരിച്ചു. പക്ഷെ ഇതിനിടയിൽ വിചിത്രമായൊരു കാര്യം നടന്നു. തന്റെ മുറിയിലേക്ക് ആരെയും ഇപ്പോൾ കടത്തിവിടരുതെന്നും, തന്നെ ഏകനായിരിക്കുവാൻ അനുവദിക്കണമെന്നും മാർട്ടിൻ ആവശ്യപ്പെട്ടു. പ്രിയോർ ലജ്ജിതനായി. വൈസ്രോയി ശാന്തനായി പറഞ്ഞു. മാർട്ടിൻ അനുവദിക്കുന്നതുവരെ കാത്തിരിക്കാം. പ്രിയോർ തന്നെ തടഞ്ഞ യുവവൈദിക വിദ്യാർത്ഥിയെ രൂക്ഷമായി നോക്കി. അദ്ദേഹം തേങ്ങി കരഞ്ഞു. അവൻ പറഞ്ഞു: ബ്രദർ മാർട്ടിൻ ഇപ്പോൾ അദൃശ്യരായ രണ്ട് സന്ദർശകരുണ്ട്. അത് പരിശുദ്ധ കന്യകാമറിയവും വിശുദ്ധ ഡൊമിനിക്കുമാണ്. മാർട്ടിൻ അവരോട് സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഏതാനും നിമിഷം കഴിയുമ്പോൾ പ്രിയോർ പറയുന്ന ആരെയും എപ്പോൾ വേണമെങ്കിലും കാണാമെന്നും മാർട്ടിൻ അറിയിച്ചിട്ടുണ്ട്. അല്പസമയം കഴിഞ്ഞപ്പോൾ മാർട്ടിനെ സന്ദർശിക്കാൻ വൈസ്രോയിക്ക് അവസരം കിട്ടി. മാർട്ടിന്റെ കണ്ണുകൾ വൈസ്രോയിയിൽ പതിഞ്ഞു. അദ്ദേഹത്തിന്റെ കണ്ണ് നിറഞ്ഞു. മാർട്ടിന്റെ പ്രാർത്ഥനയ്ക്ക് മുമ്പിൽ തന്നെ സമർപ്പിച്ചുകൊണ്ട് കരഞ്ഞു കലങ്ങിയ കണ്ണുകളോടെ അദ്ദേഹം യാത്രയായി.

## മരണം

വൈസ്രോയി പോയി അരമണിക്കൂർ കഴിഞ്ഞപ്പോൾ മാർട്ടിൻ ഡി പോറസ് മരിച്ചു. ലീമാ പതിവുപോലെ ഉണർന്നു. സാന്റോ ഡോമിൻ ഗോയിലെ മരണമണി നീട്ടി അടിച്ചപ്പോൾ തങ്ങളുടെ ബ്രദർ മരിച്ചുവെന്ന് ജനം മനസ്സിലാക്കി. തങ്ങളുടെ പ്രിയപ്പെട്ടവനെ ഒരുനോക്ക് കാണുവാനായി ജനം ആശ്രമത്തിലേക്ക് തിരിച്ചു.

## സ്പാനിഷ് പ്രഭ്വിയുടെ സൗഖ്യം

ഡോണാ കാതറൈൻ ഗൊൺ സാലെസ് എന്നൊരു സ്പാനിഷ് പ്രഭ്വി 12 വർഷമായി ഒരു കരം തളർന്ന് ഇരിപ്പിലായിരുന്നു. ഉപവിയുടെ പ്രവർത്തനങ്ങൾ ഒരുപാട് നടത്തിയ മാർട്ടിന്റെ കരങ്ങൾ തന്റെ ശരീരത്തിൽ സ്പർശിച്ചാൽ ഞാൻ സുഖപ്പെടുമെന്നവൾ വിശ്വസിച്ചു. അവൾ സാന്റോ ഡോമിൻ ഗോയിലേക്ക് നീങ്ങുകയും മാർട്ടിന്റെ മൃതശരീരത്തിങ്കലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന നീണ്ട നിരയിൽ സ്ഥാനം പിടിക്കുകയും ചെയ്തു. ശരീരത്തിനരികെ മുട്ടുകുത്തുവാനുള്ള തന്റെ ഊഴം വരുമ്പോൾ തീഷ്ണമായ പ്രാർത്ഥനയിൽ തന്റെ ആത്മാവിനെ മുഴുവനായി പകരുന്നതിന് അവൾ ഒരുങ്ങുകയായിരുന്നു. എന്നാൽ ആ മുഖത്തെ സ്വർഗ്ഗീയകാന്തി ദർശിച്ച അവൾ മുൻകൂട്ടി തയ്യാറാക്കിയ പ്രാർത്ഥന മറന്ന് ഇപ്രകാരം പറഞ്ഞു: "ഓ ബ്രദർ മാർട്ടിൻ ദയവായി..." ഇത്രയും പറഞ്ഞ് അവൾ തന്റെ കരം അനാവരണം ചെയ്ത് സാവധാനം മാർട്ടിന്റെ കരങ്ങളിലേക്ക് നീട്ടി. തന്റെ കരത്തിൽ കൂടി രക്തം പ്രവഹിക്കുന്നതിന്റെ തരിപ്പനുഭവപ്പെട്ടപ്പോൾ അത്ഭുതം കൊണ്ട് അവൾ ഉച്ചത്തിൽ നിലവിളിച്ചു. ആ കരച്ചിൽ അവിടെ കൂടിയ ആയിരക്കണക്കിന് ആത്മാക്കളിൽ വിശ്വാസവും സന്തോഷവും വർദ്ധിപ്പിക്കാൻ ഇടയാക്കി.

## മൃതസംസ്ക്കാരം

പ്രത്യേക ബഹുമതികളോടെ മൃതശരീരം ശ്മശാനത്തിലേക്ക് ചുമന്നുകൊണ്ടുപോയി. മൃതശരീരത്തിന്റെ നാല് കോണിലും ഉന്നതർ സ്ഥാനംപിടിച്ചു. ഒരു ആർച്ചുബിഷപ്പ്, ഒരു നീയുക്ത ബിഷപ്പ്, ഒരു വൈസ്രോയി, രാജകീയ കോടതിയിലെ ഒരു ജഡ്ജി എന്നിവരാണ് മൃതശരീരം ചുമന്നത്. ഒരു വലിയ ജനക്കൂട്ടം ഈ കൊച്ചു നീഗ്രോയുടെ ഭൗതികാവശിഷ്ടത്തെ അനുഗമിച്ചു. ഭക്തിനിർഭരമായ പ്രാർത്ഥന ദുഃഖാർത്തരായി നീങ്ങികൊണ്ടിരിക്കുന്ന ജനസമൂഹത്തിൽ നിന്ന് അലയടിച്ചുയർന്നു.

## ഉപവിയുടെ അപ്പസ്തോലൻ

ഉപവിയുടെ പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ ആവശ്യമായിരുന്ന പതിനേഴാം നൂറ്റാണ്ടിൽ ലോകത്തിന്റെ മടിത്തട്ടിൽ ജനിച്ചുവീണ വിശുദ്ധനാണ് വി. മാർട്ടിൻ ഡി പോറസ്. ഉപവിയുടെ അപ്പസ്തോലനായി അദ്ദേഹം ഇന്ന് അറിയപ്പെടുന്നു. സമൂഹത്തിലെ എല്ലാ ജനങ്ങളുമായി

അദ്ദേഹം ബന്ധം പുലർത്തി പ്രത്യേകിച്ച് പാവപ്പെട്ടവരോട്. ക്രിസ്തുവിനെ തന്റെ വാതിൽക്കൽ കഴിയുന്നിടത്തോളം കുറച്ചുസമയം മാത്രമെ കാത്തുനിൽക്കാൻ സമ്മതിക്കാവൂ എന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. ആളുകൾ തങ്ങളുടെ ഇടയന്റെ അടുത്തേയ്ക്ക് കൂട്ടംകൂടിയെത്തുന്നതുപോലെ ദരിദ്രർ അവന്റെ അടുക്കലേക്ക് വന്നുകൊണ്ടിരുന്നു. ക്ലാസ്സ് കഴിഞ്ഞുവരുന്ന നൊവീസുകൾക്ക് കേക്കും പഴങ്ങളും ഒരുക്കി മുറിയിൽ കാത്തിരിക്കും. അനേകം അത്ഭുതങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. ഒരിക്കൽ റിമിക്ക് നദിയിൽ ജലനിരപ്പ് ഉയർന്നപ്പോൾ മാർട്ടിന്റെ ഒരു പ്രാർത്ഥന ചൊല്ലിയതിന്റെ ഫലമായി ജലനിരപ്പ് പെട്ടെന്ന് താണു. മാർട്ടിനെ താൻ ചൈനയിൽ വെച്ച് കണ്ടുമുട്ടിയെന്ന് ഒരു കപ്പൽ ക്യാപ്റ്റൻ പ്രഖ്യാപിച്ചു. പരസ്നേഹ പ്രവർത്തികൾ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സമയത്തെയും സ്ഥലത്തെയും സംബന്ധിച്ചുള്ള പ്രകൃതി നിയമങ്ങൾ മറികടന്ന് അതതുസ്ഥലങ്ങളിലും സന്ദർഭങ്ങളിലും കടന്നുചെല്ലാൻ മാർട്ടിന്റെ ആത്മാവിന് കഴിഞ്ഞു.

## വിശുദ്ധ പദവിയിലേക്ക്

എല്ലാവരുടെയും ഭൃത്യനായി തന്നെത്തന്നെ കരുതിയ ഈ എളിയ നീഗ്രോയുടെ പേരിൽ ബഹുമതികൾ കുമിഞ്ഞുകൂടിക്കൊണ്ടിരുന്നു. മാർട്ടിൻ ഡി പോറസിനോടുള്ള ഭക്തിയുടെ തരംഗം അതിവേഗമാണ് പ്രചരിച്ചത്. മാർട്ടിൻ ഡി പോറസിന്റെ പാദങ്ങളിൽ മുട്ടുകുത്തുന്നതിന് രാത്രിയിലും പകലും ജനങ്ങൾ വന്നുകൊണ്ടിരുന്നു. 1935 ൽ ഈ ഭക്തി പ്രസ്ഥാനം വാഴ്ത്തപ്പെട്ട മാർട്ടിൻ സുഹൃദ്സംഘം (Blessed Martin Guide) എന്ന പേരിൽ മഹാനായ ഉപവിയുടെ അപ്പസ്തോലനെ ആദരിക്കുന്നതിനും അദ്ദേഹത്തെ വിശുദ്ധനെന്ന് നാമകരണം ചെയ്യുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും വേണ്ടി രൂപമെടുത്തു. ന്യൂ ജഴ്സി ഈ ഭക്തി പ്രസ്ഥാനത്തിന്റെ വിശ്വകേന്ദ്രമായി മാറി. 1837 ൽ ഗ്രിഗറി 16ാം മൻ മാർപാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി ഉയർത്തി. 1962 മെയ് 6 ന് ജോൺ 23ാം മൻ മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. വി. മാർട്ടിന്റെ മുന്നൂറാം ചരമ വാർഷികാഘോഷങ്ങൾക്കിടയിൽ പെറു അദ്ദേഹത്തെ ആ രാജ്യത്തെ സാമൂഹിക നീതിയുടെ സംരക്ഷകനായി നാമകരണം ചെയ്തു.

മുന്നൂറ് വർഷങ്ങൾക്കുമുമ്പ് ഒരു ആശ്രമത്തിൽ ഭൃത്യനായെത്തിയ പാവപ്പെട്ട ഈ നീഗ്രോ ലോകചരിത്രത്തിലെ ഏറ്റവും സങ്കീർണ്ണവും കാര്യാന്തരവ്യഗ്രവും ദുഷിതവുമായ ഈ കാലഘട്ടത്തിൽ അതിവേഗം ശ്രദ്ധ പിടിച്ചുപറ്റിയെന്നത്, തീർച്ചയായും വളരെ വിസ്മയകരവും, താഴ്ന്നവരുടെ ഉയർത്തപ്പെടലിനുള്ള അതിശക്തവുമായ ഒരു തെളിവുമാണ്. ക്രൈസ്തവ സ്നേഹത്തിന്റെ പ്രയോക്താവും പ്രചാരകനുമായി അദ്ദേഹം ഇന്ന് സഭയിൽ വണങ്ങപ്പെടുന്നു.

വിശുദ്ധ മാർട്ടിൻ ഡി പോറസ്, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...